DESPATCHED
ന. 23/06/2020

17/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.972(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.1204/എസ്.ഐ.സി-ജി 6/17
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.സുരേഷ് ബാബു ടി**
**ചന്ദ്രകാന്തം, ഓ.കെ.റോഡ്**
**തിരുവണ്ണൂർ നട പോസ്റ്റ്,**
**കോഴിക്കോട്673 029** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആന്റ്**
   **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
   **ഹോമിയോപ്പതി ഡയറക്ടറാഫീസ്**
   **തിരുവനന്തപുരം**

2. **അപ്പീൽ അധികാരി ആന്റ്**
   **ഹോമിയോപ്പതി ഡയറക്ടർ**
   **ഹോമിയോപ്പതി ഡയറക്ടറാഫീസ്**
   **തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.03.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.03.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.04.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 10.05.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.08.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.08.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24.01.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.03.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ വിജിലൻസ് ഓഫീസർ ഓഫ് ഹോമിയോ വകുപ്പ്, മാത്തോട്ടം ഹോമിയോ ഡിസ്പൻസറിയിൽ ഡോ. സജീവിനെതിരെ നടത്തിയ അന്വേഷണ ഫയലിൽ ആകെ എത്ര പേജ് ഉണ്ട് എന്നും, ഇനം 2 ൽ ആ ഫയലിൽ ഒരു പേജ് പോലും ഒഴിവാക്കാതെ എല്ലാ പേജുകളുടെയും അന്വേഷണ റിപ്പോർട്ടും പരാതികളും ഉൾപ്പെടെ എല്ലാ രേഖകളും അനുവദിച്ച് തരണ മെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. 29.03.2017 ന് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ വിപുലമായ വിവരങ്ങൾ ഉൾക്കൊ ള്ളുന്ന രേഖകൾക്ക് ഹർജിക്കാരന് 20.04.2017 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതും, രേഖകളുടെ പകർപ്പ് നിശ്ചിത ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതുമാണെന്നാണ് അറിയിച്ചത്.

4. 21.03.2017 നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 10.04.2017 ൽ ഹർജിക്കാരൻ അപ്പീൽ നൽകുകയും, ആയതിന് അപ്പീൽ അധികാരി 10.05.2017 ന് നൽകിയ മറുപടിയിൽ, ഹർജിക്കാരൻ നൽകിയ അപേക്ഷയിന്മേൽ 29.03.2017 ന് എസ്.പി.ഐ.ഒ മറുപടി നൽകിയതായും ടി മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിക്കാൻ താൽപര്യമില്ലെന്നറിയിച്ചതിനാൽ ആവശ്യപ്പെട്ട ഫയലിൽ ആകെ 178 പേജുകൾ ഉണ്ടെന്നും (എ3 സൈസ് ഉൾപ്പെടെ) ഫീസ് ഇനത്തിൽ 382 രൂപ ട്രഷറിയിൽ അടച്ച് ചെല്ലാൻ ഹാജരാക്കി മുഴുവൻ രേഖകളും കൈപ്പറ്റാവുന്നതാണെന്നുമാണ് അറി യിച്ചത്.

5. 24.01.2020 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയിൽ എല്ലാ രേഖ കളുടെയും പകർപ്പുകൾ 29.07.2017 തിയതി ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നാണ്.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാ രൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവ

വിജിലൻസ് അന്വേഷണത്തിലാണോ എന്ന് പരിശോധിക്കണമെന്നും നൽകിയ മറുപടിയിൽ 3 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കക്ഷിക്ക് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഒരാഴ്ചയ്ക്കകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും 04.02.2020 കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ 29.07.2017ലെ കത്ത് പ്രകാരം 3 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് ബോധിപ്പിച്ചതിനാൽ ലഭ്യമായ രേഖകളെല്ലാം എസ്.പി.ഐ.ഒ നൽകിയിട്ടുണ്ടെന്ന് വിലയിരുത്തിയ കമ്മീഷൻ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res